


# അരാവല്ലി ധ്യാനകേന്ദ്രം ഇന്ന് ഒരു തീർത്ഥാടനകേന്ദ്രം

ജോജി വഴുവാടി,ന്യൂഡൽഹി




ഭാരതത്തിന്റെ തലസ്ഥാനമേഖലയ്ക്ക് സമീപം അരാവല്ലി കുന്നിൻ മുകളിൽ സ്ഥാപിതമായ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ചാപ്പൽ ഇന്ന് അനേകരുടെ അനേകരുടെ ആശ്രയകേന്ദ്രമായി വളർന്നിരിക്കുന്നു. ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിലുള്ള ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ ഒട്ടനവധി അത്ഭുതങ്ങളും ആശ്വാസവും നേടുന്നതായി ഇന്ന് വിശ്വാസസമൂഹം സാക്ഷ്യപ്പെടുത്തുന്നത്. ഈ ധ്യാനകേന്ദ്രത്തിന്റെ ചരിത്രം പുതുതലമുറയ്ക്കായി കുറിച്ചുവയ്ക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനം.

ഡൽഹി ഭദ്രാസനാത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്വപ്നഭൂമിയായിരുന്നു ആരാവല്ലി ധ്യാനകേന്ദ്രം. 1990കളിൽ ഭദ്രാസനഭരണം ഒഴിഞ്ഞ് സ്വസ്ഥമായി ഇരുന്ന് വായനയിലും എഴുത്തിലും ധ്യാനത്തിലുമായി കഴിയുവാനായി അദ്ദേഹം തിരഞ്ഞെടുത്ത സ്ഥലമാണ് ഹരിയാനയിലെ സോനയ്ക്കടുത്ത് റയ്സിന കുന്നിൻ മുകളിലായി കിടക്കുന്ന രണ്ടേക്കർ സ്ഥലം . 1991ൽ അന്നത്തെ ഹരിയാന D.I.G യായിരുന്ന ശ്രീ. കെ.കോശിയാണ് ഈ സ്ഥലം തിരുമേനിക്ക് കാണിച്ചുകൊടുത്തത്. അന്നുതന്നെ അത് തിരുമേനിയുടെ പേരിൽ വാങ്ങുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. വലിയ തിരുമേനി തന്നെ അതിന്റെ പണികൾക്കായി ഒരു കോൺട്രാക്ടറെ ഏൽപ്പിച്ചു. ആ സമയത്താണ് അപ്രതീക്ഷിതമായി .തിരുമേനിക്ക് അസുഖം ബാധിക്കുന്നതും വീൽചെയറിൽ ശിഷ്ടജീവിതം കഴിക്കേണ്ടിവന്നതും. അതിനാൽ തുടർനടപടികൾ ഒന്നുംതന്നെ ഉണ്ടായില്ല. ഒരു ക്രൈസ്തവ ബൗദ്ധികകേന്ദ്രം തുടങ്ങുക എന്നതായിരുന്നു തിരുമേനിയുടെ മനസ്സിലെ സ്വപ്നം എന്നതിലുപരി ഈ പദ്ധതിയുടെ വിശദാംശങ്ങളെപ്പറ്റി അന്ന് ആർക്കും തന്നെ വലിയ അറിവുണ്ടായിരുന്നില്ല.

1996 നവംബർ 24-ാം തീയതി അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തതോടെ വിൽപത്രപ്രകാരം ഈ വസ്തു ഡൽഹി ഭദാസനത്തിന് ലഭിച്ചു. ഈ സ്ഥലത്തെ ചെന്നെത്തുവാൻ യാത്രാക്ലേശം ഉള്ളതിനാൽ വില്ക്കുന്നതാണ് നല്ലതെന്ന് ഭദ്രാസനകൗൺസിലിൽ അഭിപ്രായം ഉണ്ടായി. എന്നാൽ പിൻഗാമി ഈയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ആ സ്ഥലം സന്ദർശിക്കുകയും ആ സ്ഥലത്തിന്റെ പ്രാധാന്യം കണ്ടും തന്റെ മുൻഗാമിയുടെ ദീർഘവീക്ഷണത്തെ മനസ്സിലാക്കിയും ആ സ്ഥലം വിൽക്കുന്നില്ല എന്ന ഉറച്ച തീരുമാനമെടുത്തു.

1999ൽ ഒരു ചാപ്പലിനും 30 പേർക്കോളം താമസിക്കുവാൻ സൗകര്യവുമുള്ള കെട്ടിടവും പണിയുവാനുള്ള പദ്ധതിക്ക് തുടക്കമിട്ടു. അബുദാബി സെൻറ് ജോർജ്ജ് പള്ളിയുടെ പ്രത്യേകസഹായത്താലും മറ്റും 70ലക്ഷം രൂപ മുടക്കി 2003ൽ പണി പൂർത്തികരിക്കുകയും കൂദാശ ചെയ്യുകയും ചെയ്തു. ഡൽഹി ഭദ്രാസനത്തിലെ പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ നാമത്തിലുള്ള ആദ്യ മദ്ബഹയാണ് ആരാവല്ലി കുന്നിൻമുകളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.



തുഗ്ലക്കബാദ് മുതൽ രാജസ്ഥാൻ വരെ നീണ്ടുകിടക്കുന്ന അരാവല്ലി കുന്നുകളുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ദേവാലയവും ധ്യാനകേന്ദ്രവും മലങ്കരസഭയുടെ ഒരു മകുടമായി ഇന്ന് പരിലസിക്കുന്നു. 2004-ൽ കൂദാശ ചെയ്യപ്പെട്ടതിനുശേഷം ഒന്നോ രണ്ടോ ആധ്യാത്മികസംഘടനകളുടെ ഏകദിനസമ്മേളനങ്ങൾ മാത്രമെ 2009 വരെ ഇവിടെ നടന്നിരുന്നുള്ളൂ. 2007 മാർച്ച് 4- ഒരു ഹോളിയുടെ അവധിദിനം ചിലവഴിക്കാനായി ഹോസ്ഖാസ് സെൻറ് മേരീസ് കത്തീഡ്രൽ യുവജനപ്രസ്ഥാനംഗങ്ങൾ വികാരി ഫാ. എം.സി.പൗലോസ്,അസി.വികാരി ഫാ. സജി എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ അരാവല്ലിയിൽ തലേദിവസം രാത്രിയിൽ എത്തി പിറ്റേദിവസം രാവിലെ വിശുദ്ധ കുർബാന അർപ്പിച്ചു. അന്ന് പങ്കെടുത്ത പലരും അപ്പോഴാണ് അറിഞ്ഞത് ഇത് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ ഉള്ള ചാപ്പൽ ആണ് എന്നത്. യുവാക്കളുടെ ഇടയിൽ അത് ചർച്ചയാവുകയും പരിശുദ്ധൻെറ പെരുന്നാൾ എല്ലാവർഷവും നടത്തപ്പെടണം എന്ന ചിന്ത ഉടലെടുക്കുകയും ചെയ്തു. സഭയുടെ എല്ലാ ആവശ്യങ്ങളും വളരെ പോസിറ്റീവായി കാണുകയും അതിനുവേണ്ടി യുവാക്കളെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുള്ള ഈയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ യുവാക്കളുടെ ഈ ചിന്തയെ ഏറ്റെടുത്ത് പെരുന്നാൾ നടത്തുവാനുള്ള സാധ്യതയെപ്പറ്റി അന്വേഷിക്കുവാനായി ഒരു കമ്മറ്റിയെ നിയോഗിച്ചു. പക്ഷേ കമ്മറ്റി അന്വേഷിച്ച് റിപ്പോർട്ട് നൽകിയത് അരാവല്ലിയിൽ പെരുന്നാൾ നടത്തുക എന്നത് അത്യന്തം ക്ലേശകരം ആണ് എന്നായിരുന്നു. അങ്ങനെ 2008-ൽ പെരുന്നാൾ നടത്തുവാൻ സാധിച്ചില്ല. അത് പീലക്സിനോസ് തിരുമേനിയ്ക്ക് മനോവിഷമം ഉണ്ടാക്കി. 2009-ൽ ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനം ഫാ. ഷാജി മാത്യൂസിൻെറ നേതൃതത്തിൽ പെരുന്നാൾ നടത്തുവാൻ മുന്നിട്ടിറങ്ങുകയും ഹോസ്ഖാസ് സെൻറ് മേരീസ് കത്തീഡ്രൽ,ഗുഡ്ഗാവ് മാർ ഗ്രീഗോറിയോസ് ഇടവകയുടെയും പ്രത്യേക സഹകരണത്തോടെ 2009 ഫെബ്രുവരി മാസം പെരുന്നാൾ പരിമിതികൾക്ക് ഉള്ളിൽ നിന്ന് നടത്തി. ആ സമയത്ത് കോലഞ്ചേരി ആശുപത്രിലായിരുന്ന പീലക്സിനോസ് മെത്രാപ്പോലീത്താ ക്രമീകരണങ്ങൾക്ക് ശക്തമായ നേതൃത്വം നൽകി. പെരുന്നാളിന് മുഖ്യകാർമികത്വം നൽകാനായി കണ്ടനാട് ഭദ്രാസന സെക്രട്ടറി ഫാ. ഒ.പി. വർഗീസ് അച്ചനെ ഇവിടേക്ക് പറഞ്ഞയയക്കുകയും ചെയ്തു. വലിയ വാഹനങ്ങൾ എത്തിപ്പെടാത്ത ദേവാലയത്തിൽ കുന്ന് കയറിയിറങ്ങി പദയാത്രയായി ''പരിശുദ്ധാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ'' എന്ന പ്രാർത്ഥനയുമായി വിശ്വാസസമൂഹം സഭാഭാസുരൻെറ സന്നിധിയിൽ എത്തിച്ചേരുന്ന ഒരു വലിയ തീർത്ഥയാത്രയ്ക്കാണ് അവിടെ തുടക്കം ആയത്. തൊട്ടടുത്ത വർഷം നടത്തപ്പെട്ട പെരുന്നാളിന് അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിക്കുവാൻ തക്കവണ്ണം പീലക്സിനോസ് മെത്രാപ്പോലീത്താ പ്രത്യേക താല്പര്യത്തോടെ പ്രവർത്തിച്ചു എന്നത് ഇപ്പോഴും മറക്കാൻ പറ്റാത്ത ഓർമ്മയായി നിലനില്ക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഈ പെരുന്നാളിനായി പരിശ്രമിക്കുന്ന യുവസമൂഹം തിരിച്ചറിയുന്ന ഒരു സത്യം ഉണ്ട്. ചരിത്രപുസ്തകങ്ങളിലൂടെയും കേട്ടറിവുകളിലും അറിഞ്ഞിട്ടുള്ള പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതം പോലെ പ്രതിസന്ധികളുടെയും ആകുലതയുടെയും നടുവിൽ ആണ് ഒരോ പെരുന്നാളും കൊണ്ടാടുന്നത്. പക്ഷേ പെരുന്നാൾ കഴിഞ്ഞ് അരാവല്ലി കുന്നിറിങ്ങുമ്പോൾ അനുഭവിക്കുന്ന ആത്മസംതൃപ്തി പറഞ്ഞറിയാക്കാൻ പറ്റാത്തതിനപ്പുറമാണ്. നൊമ്പരങ്ങളുമായി കുന്നു കയറുന്നവർ ആശ്വാസമായി തിരിച്ചുപോയ ഒട്ടനവധി സാക്ഷ്യങ്ങൾ അരാവല്ലിയിൽ ഉണ്ട്.

കപടഭക്തിയും ഉത്തരവാദിത്വമില്ലായ്മയും ഒരിക്കലും ഇഷ്ടപ്പെടാതിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ മഹത്വം തിരിച്ചറിഞ്ഞ ഒരു വൈദികൻ ഈ ലേഖകനോടെ ഒരു സംഭവം പറഞ്ഞു. പെരുന്നാളിന് ചില ചുമതലകൾ ഉണ്ടായിരുന്നുവെങ്കിലും ചില പ്രത്യേകസാഹചര്യത്തിൽ ഈ വൈദികൻ വിശുദ്ധ കുർബാന കഴിഞ്ഞയുടനെ അനുസ്മരണസമ്മേളനത്തിൽ നില്ക്കാതെ ആരോടും പറയാതെ അവിടെ നിന്ന് വിട്ടുപോയി. ആ സമയത്ത് ഇന്ന് ലഭ്യമായതുപോലെ നല്ല പാത ഇല്ലായിരുന്നു. എങ്കിലും പല സമയത്തും ഒറ്റയ്ക്ക് ദേവാലയത്തിൽ എത്തുകയും തിരിച്ചുപോകയും ചെയ്തിട്ടുണ്ട്. പക്ഷേ അന്നേ ദിവസം ഈ വൈദികന് വഴിതെറ്റി അരാവല്ലി കുന്നിൽ വളരെ അലഞ്ഞ് പ്രധാനറോഡിൽ എത്തിയത് ഏകദേശം ഒന്നര മണിക്കൂർ കഴിഞ്ഞാണ്. അപ്പോഴേക്കും പെരുന്നാൾ കഴിഞ്ഞ് മറ്റുള്ളവരും പ്രധാനറോഡിൽ എത്തിയിരുന്നു.

പ്രകൃതിരമണീയമായ സ്ഥലത്ത് ഒരിക്കലെങ്കിലും പോയിട്ടുള്ളവർക്ക് അത് തീർച്ചയായും അവിസ്മരണീയമായ അനുഭവമായിരിക്കും. തിരക്കേറിയ നഗരജീവിതത്തിൽ നിന്നും അല്പം ശാന്തത ആവശ്യമുള്ളവർക്ക് അവിടെ ഒരു ദിവസമെങ്കിലും താമസിച്ചാൽ അത് പുതിയ അനുഭവമായിരിക്കും. കഴിഞ്ഞ രണ്ടരവർഷമായി ഡൽഹിയിലെ അരവലി വിശ്വാസസമൂഹത്തിൻെറ നേതൃത്വത്തിൽ എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഭദ്രാസനത്തിലെ വൈദികർ തവണയായി വി.കുർബാന അർപ്പിച്ചുവരുന്നു.

പരിശുദ്ധനും സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ശക്തമായ തീരുമാനങ്ങൾ എടുത്ത് സഭയെ നയിച്ച വട്ടശ്ശേരിൽ തിരുമേനിയുടെ മദ്ധ്യസ്ഥത ഏവർക്കും കോട്ടയായിരിക്കട്ടെ.

